# സത്യസ്നേഹമാർഗ്ഗം നിത്യസത്യലക്ഷ്യം

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.

ബ. ഡൺസ്റ്റൻ ഒലക്കേങ്കിലച്ചൻ 1920 നവംബർ 27-ന് പാവറട്ടിയിൽ ജനിച്ചു. സി.എം.ഐ. സഭയിൽ സന്ന്യാസവൈദികനായി വിശുദ്ധജീവിതം നയിച്ച് 2006 ഒക്റ്റോബർ 20-ന് കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹം ജനിച്ച് ഒരു ശതാബ്ദം പൂർത്തിയായിരിക്കുന്നു.

"എനിക്ക് ഓർമ്മ വെച്ച നാൾ മുതലേ കുടുംബത്തിൽ ഒരു ആദ്ധ്യാത്മിക അന്തരീക്ഷം ഉണ്ടായിരുന്നു." സ്വന്ത കുടുംബത്തെക്കുറിച്ചു ഡൺസ്റ്റനച്ചൻെറ അനുസ്മരണയാണിത്. തൻെറ 7-മത്തെ വയസ്സിൽ ഒരു വിശുദ്ധനാകണമെന്ന ഉറച്ച തീരുമാനമെടുക്കുന്നതിന് ഇട്ടൂപ്പുണ്ണിക്കു (ഡൺസ്റ്റനച്ചൻെറ സന്ന്യാസപ്രവേശനത്തിനു മുമ്പുള്ള പേര്) ശക്തമായ പ്രേരണ നല്കിയത് കുടുംബത്തിൽ നിലനിന്നിരുന്ന ഈ അനുകൂലസാഹചര്യമാണ്.

ഇട്ടൂപ്പുണ്ണിയുടെ പുണ്യവാനാകുക എന്ന തീരുമാനത്തിന് ആരംഭകാലത്ത് ലോകത്തിൻെറ സ്തുതി ബഹുമാനങ്ങൾ പ്രേരണയായിരുന്നു. "നമ്മുടെ നാട്ടിൽ ഇതുവരെയും പുണ്യവാന്മാരുണ്ടായിട്ടില്ല." ഈ പ്രസ്താവന വളരെ വിഷമത്തോടെയാണ് ഇട്ടൂപ്പുണ്ണി കേട്ടത്. അന്യനാട്ടുകാർക്കു കൈവന്ന ഭാഗ്യം നമുക്കില്ലല്ലോ എന്നോർത്ത് അവൻ വളരെ ദുഃഖിതനായി. സ്വരാജ്യസ്നേഹം ഒരു വിശുദ്ധനാകുന്നതിന് അവനെ പ്രേരിപ്പിച്ചു. "പാവറട്ടി കൊവേന്തപ്പള്ളിയിലെ ചെറിയ അൾത്താരകളിൽ ഒന്നിൽ ഞാൻ പ്രതിഷ്ഠിക്കപ്പെടും. പാവറട്ടിയുടെ നില ഞാൻ മൂലം ഉയരും. ഇന്ത്യയിലെ ആദ്യത്തെ പുണ്യവാളനാകണം. എൻെറ മൃതശരീരം പാവറട്ടിയിൽ അടക്കപ്പെടണം" ഇത് ഇട്ടൂപ്പുണ്ണിയുടെ സ്വപ്നമായിരുന്നു.

വിശുദ്ധനാകണമെന്ന ആഗ്രഹത്തിന് ആരംഭം കുറിക്കുന്നതും ജീവിതത്തിൽ നേരിടേണ്ടിവന്ന പല പ്രതിസന്ധികളെയും നേരിടുന്നതിനും അവനു ശക്തി പകർന്നത് ഈ സ്വരാജ്യസ്നേഹമാണ്. അതുകൊണ്ട് ഡൺസ്റ്റനച്ചൻ പറയുന്നു, "കത്തോലിക്കാ വിശ്വാസത്തോടുകൂടിയുള്ള സ്വരാജ്യസ്നേഹമാണ് എൻെറ സകലഭാഗ്യങ്ങളുടെയും ആരംഭം."

അങ്ങനെ സ്വരാജ്യസ്നേഹത്തിൻെറ അടിസ്ഥാനത്തിന്മേൽ പണിതുടങ്ങി. എന്നാൽ മുന്നോട്ടു പോയപ്പോൾ എല്ലാം തകർന്നതായി അനുഭവപ്പെട്ടു. നിരാശയുടെ കഴിയുമ്പോൾ പുനരുദ്ധാരണത്തിനായി സമൃദ്ധമായി അദ്ദേഹത്തെ സഹായിച്ചത് സത്യത്തോടുള്ള സ്നേഹമാണ്. വളരെ ചെറുപ്പത്തിൽതന്നെ തന്നിൽ നാമ്പെടുത്തിരുന്ന സത്യത്തോടുള്ള സ്നേഹം വിശുദ്ധിയുടെ മാർഗ്ഗമായി ഡൺസ്റ്റനച്ചൻ തിരിച്ചറിഞ്ഞു.

33-ാം വയസ്സിൽ തൻെറ ഓർമ്മക്കുറിപ്പിൽ അച്ചൻ ഇപ്രകാരം കുറിച്ചു,"എൻെറ പുണ്യജീവിതം മുഴുവൻ സത്യത്തോടുള്ള സ്നേഹമാണ്." താൻ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്ത സത്യത്തിൻെറ സ്നേഹശാസ്ത്രമെന്തെന്നു ഡൺസ്റ്റനച്ചൻ ചുരുക്കമായി വിവരിക്കുന്നുണ്ട്,"'ഞാൻ സത്യമാണ്' എന്ന് നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ടല്ലോ. സത്യമായിട്ട് ഒന്നു മാത്രമേയുള്ളു. അതു ദൈവമാണ്. ദൈവം സകലത്തിൻെറയും നാഥനാണ്. എല്ലാവരും അവിടുത്തെ ഇഷ്ടം നിറവേറ്റുവാൻ കടപ്പെട്ടിരിക്കുന്നു. ഈ സത്യത്തിൻെറ പ്രായോഗികനിഷേധം എല്ലാ പാപകർമ്മങ്ങളിലും അടങ്ങിയിരിക്കുന്നു.... സകല പാപവും

അസത്യമാണ്.... സത്യത്തെ സ്നേഹിക്കുന്നവൻ അജ്ഞതയിൽനിന്നും അബദ്ധങ്ങളിൽനിന്നും വിമോചിതനാകുവാൻ പരിശ്രമിക്കുന്നു.....

എളിമയാണ് സകല പുണ്യങ്ങളുടേയും അടിസ്ഥാനമെന്നു ചിലർ പറയുന്നു. മറ്റു ചിലർ, വിശ്വാസമാണ് എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമെന്നു പ്രസ്താവിക്കുന്നു. അങ്ങനെയെങ്കിൽ എളിമയും വിശ്വാസവും ഒന്നുതന്നെയാണൊ? അതെ, രണ്ടും, എളിമയും വിശ്വാസവും ഒരേ സത്യത്തിൻെറ ഏറ്റുപറച്ചിലാണ്. സൃഷ്ടികർമ്മത്തിൻെറ ഏറ്റുപറച്ചിലാണ്. ദൈവമാണു സ്രഷ്ടാവ് എന്നു പറയുന്നത് വിശ്വാസം. ഞാൻ സൃഷ്ടിയാണെന്നു സമ്മതിക്കുന്നത് എളിമ. ഇങ്ങനെ ആഗ്രഹിക്കാവുന്നതെല്ലാം സത്യത്തോടുള്ള സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു. ദൈവവും ദൈവികവുമായ സകലവും അതിലുണ്ട്."

ഡൺസ്റ്റനച്ചൻ സത്യത്തെ സ്നേഹിച്ചു. അതിനെ സർവ്വസ്വവുമായിക്കരുതി. സത്യമല്ലാത്ത എല്ലാത്തിൽനിന്നും മനസ്സിനെ മോചിപ്പിച്ചു. പ്രാർത്ഥനയും പരിത്യാഗവുംവഴി തന്നെത്തന്നെ ശുദ്ധീകരിച്ചു. ദൈവികസുകൃതങ്ങൾ നിരന്തരമായി അഭ്യസിച്ചു. നിത്യസത്യമായ ദൈവവുമായുള്ള ഐക്യത്തിനും സായൂജ്യത്തിനുമായി തന്നെത്തന്നെ സമർപ്പിച്ചു. സത്യമെന്നത് അമൂർത്തമായ ഒരാശയമല്ല. ഒരു വ്യക്തിയാണ്. അദ്ദേഹമതു മനസ്സിലാക്കി. ആ പരമസത്യത്തെയാണ് ഡൺസ്റ്റനച്ചൻ പുല്കിയത്.

എഡിത്ത് സ്റ്റെയിൻ എന്നറിയപ്പെടുന്ന കുരിശിൻെറ വി. തെരേസ ബെനഡിക്റ്റ പറയുന്നു,"Whoever seeks the truth is seeking God, whether consciously or unconsciously." "സത്യത്തെ തേടുന്നവർ അറിഞ്ഞോ അറിയാതെയോ ദൈവത്തെ തേടുന്നു." ഡൺസ്റ്റനച്ചൻ സത്യത്തെ സ്നേഹിച്ചു. ദൈവത്തിലേക്കുള്ള വഴിയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ സത്യത്തെ നിരന്തരം അന്വേഷിച്ചു. നിത്യസത്യമായ ദൈവത്തെ കണ്ടെത്തി. ആ സത്യത്തിൽ വിലയംകൊണ്ടു.

അനുദിനജീവിത സാഹചര്യങ്ങളിൽ വാക്കിലും പ്രവൃത്തിയിലും സത്യസ്നേഹത്തിന് അച്ചൻ സാക്ഷ്യം നല്കി. വാക്ചാതുരിയില്ലാതെ, വളച്ചുകെട്ടുകളില്ലാതെ, മനസ്സാ, വാചാ, കർമ്മണാ സത്യത്തിൻെറ ഋജുവായ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചു. അസത്യത്തിനെതിരെ ശബ്ദമുയർത്തി. സമൂഹത്തിൽ ഭൂരിപക്ഷത്തിൻെറസ്വരം സത്യമായി അംഗീകരിക്കണമെന്ന മിഥ്യാധാരണകൾക്കതീതമായി നിലകൊണ്ടു. പലപ്പോഴും ഒറ്റയാളായി സത്യത്തിനു സാക്ഷ്യം വഹിച്ചു. സത്യസ്നേഹം അദ്ദേഹത്തെ അതിൻെറ പ്രവാചകനാക്കി. മനഃസാക്ഷിയെ സത്യത്തിൻെറ പ്രതിരൂപമായി കണ്ട ഡൺസ്റ്റനച്ചനു മനസ്സാക്ഷിയെപ്രതി സഹിച്ചവയെല്ലാം മറക്കാനാവാത്ത, ആത്മാവിനെ സ്പർശിക്കുന്ന സഹനമായി മാറി.

എല്ലാത്തിനും ഉപരിയായി, സത്യത്തിനുവേണ്ടി സഹിച്ചപ്പോഴും ഡൺസ്റ്റനച്ചൻ സ്നേഹം കൈവെടിയുന്നില്ല. സ്വന്തം സമൂഹത്തിൽ സത്യത്തിൻെറ വഴിയിൽനിന്നു മാറിനടന്നവരെയെല്ലാം ഹൃദയംകൊണ്ട് ആശ്ലേഷിച്ചു. എല്ലാവരെയും ഉള്ളഴിഞ്ഞു സ്നേഹിച്ചു. സത്യവും സ്നേഹവും വഴിപിരിയാതെ ആ ജീവിതവഴിയിൽ ഒരുമിച്ചൊഴുകി. സത്യം നിറഞ്ഞ സ്നേഹവും സ്നേഹം നിറഞ്ഞ സത്യവും അച്ചൻെറ ജീവിതചര്യയായി.

വീണ്ടും വി. എഡിത്ത് സ്റ്റെയിൻ പറയുന്നു,"Do not accept anything as the truth if it lacks love. And do not accept anything as love which lacks truth! One without the other becomes a destructive lie."

“സ്നേഹമില്ലാത്ത ഒന്നിനെയും സത്യമായി അംഗീകരിക്കരുത്. സത്യമില്ലാത്ത ഏതൊന്നിനെയും സ്നേഹമായി സ്വീകരിക്കരുത്. ഒന്ന് മറ്റൊന്നിൻെറ അഭാവത്തിൽ വിനാശകരമായ നുണയായി മാറുന്നു.” സത്യത്തെയും സ്നേഹത്തെയും വേർതിരിക്കാനാവില്ല. അവയ്ക്കു പരസ്പരം അവഗണിക്കാനാവില്ല. അവ തമ്മിൽ അന്തർലീനമായ ബന്ധമുണ്ട്. കാരണം ദൈവം സത്യവും സ്നേഹവുമാണ്. ഡൺസ്റ്റനച്ചൻ തേടിയതും പ്രാപിച്ചതും സത്യവും സ്നേഹവുമായ ഈ ദൈവത്തെത്തന്നെയാണ്.